⇨ കേരള ദുരന്തനിവാരണ നിയമപ്രകാരമാണ് ഈ മണലെടുപ്പ് നടത്താൻ പോകുന്നത് ⇨

# പ്രളയ മണലെടുപ്പ്: അശാസ്ത്രീയവും നിയമവിരുദ്ധവുമായ നീക്കം

പുഴ എന്ന ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുന്നതരത്തിലുള്ള അശാസ്ത്രീയവും നിയമവിരുദ്ധവുമായ നടപടിയാണ് ദുരന്തനിവാരണ നിയമപ്രകാരം പ്രളയത്തെ തുടർന്ന് പുഴകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നത് എന്ന് പരിസ്ഥിതി പ്രവർത്തകർ. ഭാരതപ്പുഴ സംരക്ഷണ സമിതിയും കേരള നദീസംരക്ഷണ സമിതിയും ഇക്കാര്യത്തിൽ ശക്തമായ എതിർപ്പുമായി മുന്നോട്ടുപോവുകയാണ്.

**കേരളീയം വാർത്താശൃംഖല**

2018ലെയും 2019ലെയും പ്രളയത്തെ തുടർന്ന് പുഴകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള ശ്രമത്തിലാണല്ലോ കേരള സർക്കാർ. കേരള ദുരന്തനിവാരണ നിയമപ്രകാരമാണ് ഈ മണലെടുപ്പ് നടത്താൻ പോകുന്നത്. പാരിസ്ഥിതികമായ വിലയിരുത്തലുകളൊന്നും നടത്താതെയും രണ്ട് പ്രളയകാലങ്ങളും പങ്കുവച്ച ഒരു പാഠവും ഉൾക്കൊള്ളാതെയുമാണ് സർക്കാർ ദുരന്തനിവാരണത്തിന്റെ പേരിൽ മണലുവാരാൻ പോകുന്നതെന്ന് ചൂണ്ടിക്കാണിച്ച് പരിസ്ഥിതി പ്രവർത്തകർ വ്യാപകമായി എതിർപ്പുന്നയിച്ചിട്ടുണ്ട്. പ്രളയത്തെ തുടർന്ന് പുഴകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ പ്രളയസാധ്യത വർദ്ധിപ്പിക്കുമെന്ന ചില വിദഗ്ധ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിലാണ് ഈ നടപടിയുമായി മുന്നോട്ടുപോകുന്നത് എന്നാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി വിശദീകരിക്കുന്നത്. പ്രളയത്തെ തുടർന്ന് നദികളിൽ അടിഞ്ഞുകൂടിയ മണൽനീക്കം ചെയ്യുന്നതിനായി റവന്യൂവകുപ്പ് ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ നിലവിലെ ഖനന നിയമങ്ങൾക്കും ഹരിത ട്രിബ്യൂണലിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും എതിരാണ് ഈ നടപടിയെന്ന് ചൂണ്ടിക്കാണിച്ച് പരിസ്ഥിതി പ്രവർത്തകർ രംഗത്തുവന്നതോടെ സർക്കാർ ഈ വർഷം ആദ്യം ആ നീക്കത്തിൽ നിന്നും പിന്മാറുകയായിരുന്നു. എന്നാൽ ദുരന്തനിവാരണ നിയമം ഉപയോഗിച്ച് നിലച്ചുപോയ ആ മണലെടുപ്പ് പദ്ധതി പുനരാരംഭിക്കാനുള്ള നീക്കമാണ് ഇപ്പോൾ സർക്കാർ നടത്തുന്നത്. പുഴകളിലെ മണൽ ഓഡിറ്റിംഗ് പോലും നടത്താതെയാണ് ഇപ്പോൾ മണലെടുപ്പ് ആരംഭിച്ചിരിക്കുന്നത്. പുഴ എന്ന ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുന്നതരത്തിലുള്ള നടപടിയായി ഇത് മാറുമെന്ന ആശങ്കയിലാണ് പരിസ്ഥിതി പ്രവർത്തകർ. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടി വരുന്നതിനാൽ പ്രത്യക്ഷമായ സമരങ്ങളൊന്നും രൂപപ്പെട്ടുവന്നില്ലെങ്കിലും ഭാരതപ്പുഴയിലെ മണലെടുക്കാനുള്ള ശ്രമത്തിനെതിരെ തൃത്താലയിൽ പ്രതിഷേധമുണ്ടായി. ഭാരതപ്പുഴ സംരക്ഷണ സമിതിയും കേരള നദീസംരക്ഷണ സമിതിയും ഇക്കാര്യത്തിൽ ശക്തമായ എതിർപ്പുമായി മുന്നോട്ടുപോവുകയാണ്. അവരുടെ പ്രതികരണങ്ങൾ നോക്കാം.




ഭാരതപ്പുഴയിലെ വെള്ളിയാങ്കല്ലിൽ നിന്നും മണലെടുക്കുന്നു

**ഭാരതപ്പുഴ സംരക്ഷണ സമിതി**

ഭാരതപ്പുഴയിലെ വെള്ളിയാങ്കല്ല് പ്രദേശത്തു നിന്നും മണൽകോരിയെടുക്കാനാരംഭിച്ചത് മുപ്പത് വർഷമായി പ്രവർത്തിക്കുന്ന ഭാരതപ്പുഴ സംരക്ഷണ സമിതിയുടെ അംഗങ്ങളായ ഞങ്ങളെ സംബന്ധിച്ച് ഞെട്ടലുണ്ടാക്കുന്ന കാര്യമാണ്. മണലെടുക്കുന്ന പുഴപ്രദേശത്തേയ്ക്ക് പൊതുജനങ്ങളെ പ്രവേശിപ്പിക്കുന്നത് വിലക്കിക്കൊണ്ടുള്ള ബോർഡും നാട്ടിയിട്ടുണ്ട് അധികാരികൾ. ഇത് തീർത്തും ജനാധിപത്യ വിരുദ്ധമാണ്. പൗരാവകാശത്തിനു നേരെയുള്ള കടന്നാക്രമണമുണ്ടാകുന്നത്, കോവിഡ് മഹാമാരിമൂലമുള്ള സാമൂഹിക നിയന്ത്രണങ്ങൾ കാരണം നിയമം അനുസരിക്കുന്ന പൗരർക്ക് പൊതുപ്രതിഷേധം ഉയർത്താൻ പോലും കഴിയാത്ത ഒരു സന്ദർഭത്തിലാണ് എന്നതാണ് ഏറെ കൗതുകകരം. ഈ നീക്കത്തിനെതിരെ ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഒപ്പം താഴെ പറയുന്ന കാരണങ്ങൾ മുൻനിർത്തി മണലെടുപ്പ് നിർത്തിവയ്ക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനും ഞങ്ങൾ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

1. മണൽ കോരി നീക്കുന്നത് പ്രളയ ജലത്തിന്റെ ഒഴുക്ക് സുഗമമാക്കും എന്ന സർക്കാർ വാദം പൊതുജനങ്ങൾക്ക് സ്വീകാര്യമായേക്കുമെങ്കിലും, എഞ്ചിനീയറിംഗ്/സാങ്കേതിക വിദഗ്ധർ പറയുന്ന വസ്തുതകൾ പ്രകാരം ഇത് ഞങ്ങൾക്ക് സ്വീകാര്യമല്ല. അധിക മണൽ നിർണ്ണയിക്കുന്നതിനു സ്വീകരിച്ച രീതികൾ തന്നെ സംശയാസ്പദമാണ്.

2. മണൽ നീക്കത്തെ അന്ധമായി എതിർക്കുകയല്ല ഞങ്ങൾ. മറിച്ച് ഇപ്പോൾ ആരംഭിച്ച ഏകപക്ഷീയ മണൽവാരലിനു പകരം പുഴത്തടത്തെ അതിന്റെ സ്വാഭാവികതയ്ക്ക് ക്രമപ്പെടുത്തുക എന്നതായിരിക്കണം മുൻഗണന. പ്രാദേശിക ജനസമൂഹത്തെ വിശ്വാസത്തിലെടുത്തുകൊണ്ടും കൂടുതൽ ക്രമാനുഗതമായും വിദഗ്ധമായുമാണ് അതുചെയ്യേണ്ടത്. താഴെപ്പറയുന്ന വിധങ്ങളിലുള്ള തുടർച്ചയായ നിരീക്ഷണവും കരുതലും ഉണ്ടായിരുന്നെങ്കിൽ പുഴത്തടം ക്രമാതീതമായി താണുപോകുന്നതിനും ചിലയിടങ്ങളിൽ മാത്രമായി മണൽ അടിഞ്ഞുകൂടുന്നതിനും ഇടവരില്ലായിരുന്നു.

– പുഴത്തടത്തിന്റെ കിടപ്പും ഒഴുക്കിന്റെ വിധവും തുടർച്ചയായി അടയാളപ്പെടുത്തി നിരീക്ഷിക്കേണ്ടതായിരുന്നു. ഇങ്ങിനെ ചെയ്യുന്നതുവഴി പുഴയിൽ ഓരോ ഭാഗത്തും പ്രതിവർഷം വന്നടിയുന്ന മണലിന്റെ ശരാശരി കനം കണക്കാക്കാനാകുമായിരുന്നു. തടത്തിന്റെ കിടപ്പും ഒഴുക്കിന്റെ പ്രവേഗവുമനുസരിച്ച് മണലടിഞ്ഞുകൂടുന്നതിന്റെ തോത് വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്തമായിരിക്കും. അതിനാൽ മണൽ ശേഖരിക്കപ്പെടുന്നത് നിർണ്ണയിക്കുവാൻ മാനക സമവാക്യങ്ങളെ ആശ്രയിക്കുന്നത് യുക്തിസഹമല്ല.

– ഭാരതപ്പുഴയുടെ ഇന്നു കാണുന്ന ശോച്യാവസ്ഥയ്ക്ക് കാരണം ദശകങ്ങളായുള്ള അശാസ്ത്രീയവും അനിയന്ത്രിതവുമായ മണൽ വാരലാണ്. നിശ്ചിത ആഴത്തിലേ മണലെടുക്കാവു എന്ന പഠന നിർദേശങ്ങളും ഉത്തരവുകളും നഗ്നമായി ലംഘിച്ചാണ് മണൽമാഫിയകൾ ദശകങ്ങളോളം മണൽ കടത്തിയത്. ഈ മണൽക്കൊള്ളയ്ക്കെതിരായി ഭാരതപ്പുഴ സംരക്ഷണ സമിതി നീണ്ട പോരാട്ടം നടത്തിയതിന്റെ കൂടി ഫലമായിട്ടാണ് സർക്കാർ കേരളത്തിലെ എല്ലാ നദികൾക്കും ബാധകമായ മ

ണൽവാരൽ നിയമങ്ങളും ചട്ടങ്ങളും നടപ്പിൽ വരുത്തിയത്. ഈ ചരിത്ര പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ മണലെടുപ്പിന് വേണ്ടത്ര ഇടവേള നൽകിക്കൊണ്ട് പുഴയൊഴുക്കും തീരപ്രദേശങ്ങളിലെ ജലവിതാനവും ക്രമപ്പെടുത്താൻ വേണ്ട അവസരം നൽകണമെന്നാണ് ഞങ്ങൾ കരുതുന്നത്.

3. സർക്കാർ പറയുന്ന മണൽ ഓഡിറ്റ് റിപ്പോർട്ട് ഞങ്ങൾ കാണുകയുണ്ടായി. അതിൽ യാതൊരു വിധ ഹൈഡ്രോളജിക്ക്/ഹൈഡ്രോളിക്ക് കണക്കുകൂട്ടലുകളുമില്ല. മണലെടുപ്പിന്റെ ആഴം നിശ്ചയിക്കുന്ന വ്യവസ്ഥകളും ഇല്ല. അതുകൊണ്ടുതന്നെ ഈ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് ഞങ്ങൾക്ക് സ്വീകാര്യമല്ല.

4. യഥാർത്ഥത്തിൽ നദീതടത്തിൽ ചളിവന്നു മൂടുന്നതും കാടുവെട്ടുന്നതും തടയാനായി നദിയുടെ പല ഭാഗങ്ങളും മണൽകൊണ്ട് നികത്തപ്പെടേണ്ടതുണ്ട്. വേനൽക്കാലത്ത് ഭൂജലവിതാനം ഉയർത്തുന്നതിനും ഇത് അനിവാര്യമാണ്. നദീതീരപ്രദേശങ്ങളിൽ വേനലിൽ വർഷംതോറും ശുദ്ധജലക്ഷാമം കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. നിയമം ലംഘിച്ച് മണൽവാരി പുഴത്തടം ക്രമാതീതമായി താഴ്ന്നുപോയതുമൂലം ഭൂഗർഭജലവിതാനം അപകടകരമായി താഴോട്ടുപോയതാണ് ജലക്ഷാമം വർദ്ധിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ നിയന്ത്രിതമായ രീതിയിലുള്ള മണലെടുപ്പിന് ഞങ്ങൾ സമ്മതിക്കുകയാണെങ്കിൽ പോലും ആ മണൽ ഉപയോഗിക്കേണ്ടത് പുഴയിലെ (മുൻകാല മണലൂറ്റലിന്റെ ഫലമായി) രൂപപ്പെട്ട ആഴമേറിയ ചാലുകൾ നികത്താനായിരിക്കണം എന്നതിൽ നിർബന്ധമുണ്ട്.

5. ദുരന്തനിവാരണ നിയമത്തിന് കീഴിൽ ചില യിടങ്ങളിൽ പുഴത്തടം സമമാക്കേണ്ടതുണ്ട് എന്ന് സമ്മതിക്കുമ്പോഴും അതിനായി മണൽ പുഴയിൽനിന്നും നീക്കം ചെയ്യണം എന്ന് സമർത്ഥിക്കാനാവില്ല. പുഴയിൽനിന്നും മണലെടുത്ത് വിൽക്കാൻ ദുരന്തനിവാരണ നിയമം അനുവദിക്കുന്നില്ല.

6. വെള്ളയാങ്കല്ല് റെഗുലേറ്ററിലെ ഷട്ടറുകൾ തുറക്കാനാകാതെ പോയതാണ് വെള്ളിയാങ്കല്ല് പ്രദേശത്തെ പ്രളയം രൂക്ഷമാക്കിയത്. അല്ലാതെ ഒഴുക്കിന് തടസ്സമായി പറയത്തക്ക മറ്റ് കാരണങ്ങൾ ഇല്ല.

7. ഭാരതപ്പുഴയെ അതിന്റെ സമഗ്രതയിൽ സമീപിക്കുമ്പോൾ കൈവഴികളായ ചിറ്റൂർപ്പുഴ, കൽപ്പാത്തിപ്പുഴ, ഗായത്രിപ്പുഴ തുടങ്ങിയവയിൽ നിർമ്മിക്കപ്പെട്ട നിരവധി ചെക്ക്ഡാമുകൾ പരിപാലിക്കപ്പെടാത്തത് മൂലം ഷട്ടറുകൾ പ്രവർത്തിപ്പിക്കാനാവാത്ത സ്ഥിതിയിയാണ്. അതുമൂലം തടയണ പ്രദേശങ്ങളിൽ ചണ്ടിയും ചളിയും അടിഞ്ഞുകൂടി ഒഴുക്ക് തടയപ്പെട്ട് മഴക്കാലത്ത് പ്രളയത്തെ വിളിച്ചുവരുത്തുന്നു. ഇത്തരത്തിൽ ചണ്ടിയും ചെളിയും അടിഞ്ഞുകൂടുന്നതു മൂലം ക്രമത്തിൽ പുഴത്തടത്തിൽ പാഴ്ച്ചെടികൾ വളർന്നുമുറ്റുന്നതിനും അത് വീണ്ടും ഒഴുക്കിന് വർദ്ധിച്ച തടസ്സമായി മാറുന്നതിനും കാരണമാകുന്നു.

8. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മണ്ണിടിച്ചിൽ മൂലവും മറ്റും ഒഴുകി വന്ന് പുഴത്തട്ടിൽ അടിഞ്ഞ ചണ്ടിയും ചെളിയും മരത്തടികളും എടുത്തു മാറ്റേണ്ടത് ആവശ്യമാകുമ്പോൾ തന്നെ പുഴയിൽ നിന്ന് മണൽ എടുത്തു മാറ്റുന്നതും പ്രളയത്തിന്റെ ആഘാതം കുറയ്ക്കില്ല എന്ന് കാണാനും പ്രയാസമില്ല. 2018 ലെ പ്രളയത്തെ കുറിച്ചുള്ള സെൻട്രൽ വാട്ടർ കമ്മീഷൻ റിപ്പോർട്ടുകൾ അനുസരിച്ച് ആഗസ്റ്റ് 15, 16, 17 തീയ്യതികളിൽ ഭാരതപ്പുഴയിലൂടെ ഒഴുകിയ വെള്ളത്തിന്റെ അളവ് 1507 ദശലക്ഷം ഘനമീറ്ററാണ്. ആഗസ്റ്റ് 15-ാം തീയതിയിലെ ഒഴുക്ക് 442 ദശലക്ഷം ഘനമീറ്ററും അതിനു അനുരൂപമായി കീഴ്ത്തടങ്ങളിലെ ശരാശരി ഒഴുക്ക് സെക്കൻഡിൽ 5100 ഘനമീറ്ററിൽ അധികവുമാണ്. ഒഴുക്കിന്റെ ഏറ്റവും ഉച്ചസ്ഥായിയിൽ ഇത് പ്രടമായും വളരെ കൂടുതലായിരിക്കും. 16-ാം തീയതിയിലെ ഒഴുക്ക് 755 ദശലക്ഷം ഘനമീറ്ററും അനുരൂപമായ ശാരാശരി ഒഴുക്ക് സെക്കൻഡിൽ 8735 ഘനമീറ്ററുമായിരുന്നു. ഈ കണക്കുകൾ ഒരു കാര്യം സംശയമൊട്ടുമില്ലാതെ വെളിപ്പെടുത്തുന്നുണ്ട്. അതായത് പ്രളയം തടയാനെന്ന പേരിൽ 39,000 ഘനമീറ്റർ മണൽകോരി മാറ്റിയാലും അതുവഴി പുഴയിലുണ്ടാകുന്ന സ്ഥലത്ത് വെള്ളം നിറയാൻ എതാനും സെക്കന്റഡുകൾ മാത്രം മതിയാവും. സെക്കൻഡിൽ ആയിരം ഘനമീറ്റർ എന്ന വളരെക്കുറഞ്ഞ നിരക്കിൽ ഒഴുകിയാൽപ്പോലും പ്രളയസ്ഥിതിക്ക് മാറ്റം വരില്ല. ഈവക വസ്തുതളെല്ലാം പരിഗണിച്ച് മണലെടുപ്പ് നിർത്തിവയ്ക്കാനും എല്ലാവർക്കും പങ്കാളിത്തമുള്ള ഒരു സോഷ്യൽ ഓഡിറ്റ് നടത്താനും ആവശ്യപ്പെടുന്നു.

**എസ്.പി. രവി**
**(ചാലക്കുടിപ്പുഴ സംരക്ഷണ സമിതി)**

വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും ഒഴുകിവരുന്ന കല്ലും മണ്ണും മരത്തടികളും ഇല്ലിപ്പടർപ്പുകളും നീക്കം ചെയ്യേണ്ടതാണ്. പുഴമണലിന്റെ സാന്നിധ്യം വെള്ളപ്പൊക്കം വർദ്ധിപ്പിക്കും എന്ന് തെളിയിക്കപ്പെട്ടിട്ടില്ല. മറിച്ച് പുഴയുടെ മാറിൽ നിന്നും മണൽ നീക്കുന്നത് പുഴയിലെ ജലവിതാനം താഴ്ത്തുമെന്നും അത് സമീപപ്രദേശങ്ങളിലെ ജലവിതാനവും താഴ്ത്തുമെന്നും വേനലിൽ ജലദൗർലഭ്യത്തിന് വഴിവ

➪ *ഈ നാട്ടിലെ മിക്ക പുഴകളിലെയും ജലവിതാനം മൂന്നും നാലും മീറ്ററും അതിലധികവും താഴ്ന്നു* ➪



ഭാരതപ്പുഴ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ തൃത്താലയിൽ നടന്ന പ്രതിഷേധം

യ്ക്കുമെന്നും അനുഭവത്തിലൂടെ തന്നെ നമുക്ക് അറിയാവുന്നതാണ്. കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വ്യാപകമായി മണലൂറ്റുന്നത് 1975ന് ശേഷമാണ്. രണ്ടോ മൂന്നോ പതിറ്റാണ്ടുകൊണ്ട് തന്നെ പല പുഴകളിൽ നിന്നും സഹസ്രാബ്ദങ്ങളായി ഒഴുകിയെത്തിയ മണൽ മുഴുവൻ നീക്കം ചെയ്തു കഴിഞ്ഞു. ഈ നാട്ടിലെ മിക്ക പുഴകളിലെയും ജലവിതാനം മൂന്നും നാലും മീറ്ററും അതിലധികവും താഴ്ന്നു. പുഴയുടെ അടിത്തട്ട് പത്തും പതിനഞ്ചും മീറ്ററും താഴ്ന്നയിടങ്ങളും ധാരാളമുണ്ട്. പുഴയിൽ ധാരാളം മണലുണ്ടായിരുന്ന കാലത്തില്ലാതിരുന്നതിനേക്കാൾ എന്ത് ഭീഷണിയാണ് ഇക്കഴിഞ്ഞ പ്രളയങ്ങളെ തുടർന്ന് രൂപപ്പെട്ടത് എന്നത് വ്യക്തമല്ല.

വെള്ളപ്പൊക്ക കാലത്ത് ഒഴുകിയെത്തിയ വെള്ളത്തിന്റെ അളവ് പരിഗണിക്കുമ്പോൾ മണൽ നീക്കം ചെയ്യുക എന്നത് തികച്ചും അപ്രസക്തമായ കാര്യമാണ്. ഉദാഹരണത്തിന് ഭാരതപ്പുഴയിൽ നിന്നും ഇപ്പോൾ 39000 ഘനമീറ്റർ മണൽ നീക്കാനാണ് ഉത്തരവിട്ടിരിക്കുന്നത്. 2018ലെ വെള്ളപ്പൊക്കത്തിൽ ആഗസ്റ്റ് 15, 16, 17 തീയതികളിലായി 1500 ദശലക്ഷം ഘനമീറ്ററിനടുത്ത് വെള്ളമാണ് പുഴയിലേക്ക് ഒഴുകിയെത്തിയത്. ഇതിൽ ആഗസ്റ്റ് 15ന് സെക്കൻഡിൽ 5000 ഘനമീറ്ററിലും ഏറെ അധികം നീരൊഴുക്ക് പുഴയിലുണ്ടായിട്ടുണ്ട്. 16ന് ഉണ്ടായ കൂടിയ നീരൊഴുക്ക് സെക്കൻഡിൽ 10,000 ഘനമീറ്ററിലധികമാണ് എന്നാണ് വിലയിരുത്തപ്പെടുന്നത് (സെക്കൻഡിൽ ഒരു കോടി ലിറ്റർ). അതായത്, ഇപ്പോൾ മണൽ നീക്കം ചെയ്യുന്നതിലൂടെ ലഭിക്കുന്ന ഇടം നിറയാൻ വേണ്ടത് എട്ട് സെക്കൻഡ് മാത്രം. (ആഗസ്റ്റ് 15ലെ നീരൊഴുക്ക് പ്രകാരം). വെള്ളം പടിപടിയായി ഉയരുകയാണെങ്കിൽ വളരെ ഉയർന്ന തോതിൽ വെള്ളം വരുന്നതിനും എത്രയോ മുമ്പുതന്നെ മണലെല്ലാം കവിഞ്ഞ് പുഴയൊഴുകുന്നുണ്ടാകും എന്നതും അനുഭവങ്ങളിൽ നിന്നും നമുക്ക് അറിയുന്ന കാര്യമാണ്. മറിച്ച് അണക്കെട്ടുകൾ തുറക്കുന്നതു മൂലം ഉണ്ടാകുന്നതുപോലെ പെട്ടെന്ന് വെള്ളം ഉയരുകയാണെങ്കിൽ പുഴയിലെ പാലങ്ങളും തടയണകളുമെല്ലാം ഒഴുക്കിനെ തടസ്സപ്പെടുത്തുകയും സമീപപ്രദേശങ്ങളിൽ പ്രളയാഘാതം വർദ്ധിക്കുകയും ചെയ്യാം. എന്നാലും ഇവയൊന്നും പൊളിച്ചുകളയണം എന്ന് ആരും പറയില്ലല്ലോ.

വെള്ളപ്പൊക്കത്തെ തുടർന്ന് ചിലയിടങ്ങളിൽ മണൽ കൂടുതലായി വന്നിരിക്കുന്നത് രണ്ട് സ്രോതസ്സുകളിൽ നിന്നാണ്. ഉയർന്ന വെള്ളപ്പൊക്കത്തിൽ പതിവിലും അൽപ്പം അധികം മണൽ സ്വാഭാവികമായും ഒഴുകി വന്നിട്ടുണ്ടാകും. അത് മണലെടുപ്പ് കാരണം പുഴയ്ക്ക് നഷ്ടമായതിന്റെ വളരെ ചെറിയ ഒരു ശതമാനം മാത്രമാണ്. മറ്റൊന്ന് പുഴയിൽ തന്നെ ഒരു ഭാഗത്തുണ്ടായിരുന്ന മണൽ പ്രളയത്തിന്റെ കുത്തൊഴുക്ക് കാരണം മറ്റൊരിടത്ത് നിക്ഷേപിക്കപ്പെട്ടതാണ്. പുഴയിൽ നിന്നും മണൽ നീക്കം ചെയ്യരുതെന്നും ഏതെങ്കിലും പ്രദേശങ്ങളിൽ (ഭാരതപ്പുഴയിലെ വെള്ളിയാങ്കല്ല് റെഗുലേറ്റർ പോലെ) മണൽ ഭീഷണിയാണ് എന്ന് സംശയിക്കുന്നുണ്ടെങ്കിൽ അത് സമീപപ്രദേശത്ത് തന്നെ തട്ടിനിരത്തുകയോ മണലെടുത്ത് കുഴിയായ ഇടങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്യണം എന്നതാണ് ഭാരതപ്പുഴ സംരക്ഷണ സമിതി ആവശ്യപ്പെടുന്നത്.

ഏറ്റവും പ്രധാനപ്പെട്ട കാര്യം ദുരന്തനിവാരണ നിയമപ്രകാരം മണൽ വിൽക്കാൻ ഉത്തരവ് നൽകാൻ പാടില്ല എന്നതാണ്. മണൽവാരൽ നിയന്ത്രണ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അത് ചെയ്യാൻ പാടുള്ളൂ. ■